# ഭോപ്പാൽ ഇനിയുമുറങ്ങില്ല !

■ വി. രാജഗോപാൽ

**ഇ**നി ഭോപ്പാലിനെ മറക്കാം. കാൽ നൂറ്റാണ്ട് മുമ്പൊരു അർധരാത്രിയിൽ യൂണിയൻ കാർബൈഡിൽനിന്ന് ചോർന്ന വിഷവാതകം ആയിരങ്ങളെ കൊന്നൊടുക്കിയ മഹാദുരന്തത്തിന്റെ അവസാന രംഗത്തിന്റെയും തിരശ്ശീല വീഴുന്നു-മൂവായിരത്തിയെട്ട് രേഖകളുടെ പിൻബലത്തോടെ നൂറ്റിയെഴുപത്തിയെട്ട് സാക്ഷിമൊഴികളിലൂടെ ഇരുപത്തിമൂന്നു കൊല്ലം നീണ്ട വിചാരണയ്ക്കൊടുവിൽ സി.ബി.ഐ. കേസിന്റെ വിധി വന്നപ്പോഴും അന്തിമവിജയം അമേരിക്കൻ ബഹുരാഷ്ട്ര കുത്തകകൾ തന്നെ ആവർത്തിച്ചുറപ്പിക്കുന്നു.

മീഥൈൻ ഐസോ സൈനേറ്റിൽ ജീവിതം ഹോമിച്ചവരോടൊപ്പം ജീവിക്കാനും ഫലപ്രദമായ ചികിത്സയ്ക്കും വേണ്ടി പൊരുതുന്നവരുടെയും ചരിത്രം കടങ്കഥപോലെ. ദുരിതബാധിതരെ സംരക്ഷിക്കാൻ ബാധ്യതയുള്ള ഭരണകൂടങ്ങൾ മുഖം തിരിച്ചുനിന്നപ്പോൾ ചരിത്രത്തിലെ ഏറ്റവും വലിയ വ്യവസായ ദുരന്തം ജനാധിപത്യസംസ്കാരത്തിന്റെ ശപിക്കപ്പെട്ട അധ്യായമായി ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലെത്തുന്നു.

വാതകം ചോർന്നതിന്റെ പിറ്റേന്ന് പുലർച്ചെ നല്ല മൂടൽമഞ്ഞും തണുപ്പുമുള്ള ഡിസംബർ പ്രഭാതത്തിൽ ഭോപ്പാലിൽ വന്നിറങ്ങുമ്പോൾ കണ്ട ഭയാനക ചിത്രങ്ങൾ ഇന്നും ഓർമയിലുണ്ട്. ഫാക്ടറിക്കു മുന്നിലെ 'ജൂഗ്ഗി' (കുടിൽ) 'ബസ്തി' (കോളനി)കളിലും ഒന്നുമറിയാതെ ഉറങ്ങിക്കിടന്ന കുട്ടികളും അച്ഛനമ്മമാരുമടങ്ങുന്ന കുടുംബങ്ങൾ ഉണരാതെ പോയ രാത്രിയിൽ വെറുമൊരു ഞെട്ടലിൽ പാതിയുറക്കത്തിൽനിന്നുണർന്ന് ജീവനും കൊണ്ടോടുന്നതിനിടയിൽ വഴി നീളെ പിടഞ്ഞു വീണുമരിച്ചവരുടെ തലങ്ങും വിലങ്ങും കിടന്ന ശവങ്ങൾ ഇന്നും വേട്ടയാടുകയാണ്.

പഴയ ഭോപ്പാലിൽ എണ്ണിയാലൊടുങ്ങാതെ അനാഥരും വിധവകളുമാണ് എവിടെയും. ചുണ്ടും മൂക്കും കണ്ണുമില്ലാത്ത വൈകല്യമുള്ള കുട്ടികൾ. മനോരോഗികൾ പെരുകുന്നു. നഷ്ടപരിഹാരം ഒന്നിനും തികയാതെ വരുമ്പോൾ ദുരിതബാധിതരുടെ തീരാദുരിതങ്ങൾക്കും ഒരവസാനവുമില്ല -മനുഷ്യജന്മങ്ങൾ ഇവിടെ ഹോമിക്കപ്പെടുകയാണ്. വാതകമേറ്റ് മരിച്ചവരേക്കാൾ നരകയാതനകളുമായി മരണത്തോട് മല്ലടിക്കുന്ന പതിനായിരങ്ങൾ എല്ലാ കണക്കുകൂട്ടലുകളും തെറ്റിക്കുന്നു.

പഴകി ദ്രവിച്ച യൂണിയൻ കാർബൈഡ് ഫാക്ടറി കെട്ടിടവും പരിസരവും കാടുപിടിച്ച് കിടക്കുന്നു-ഇരുപത്തഞ്ചു വർഷത്തെ വഞ്ചനയുടെ ചുമരെഴുത്തുകളായിരുന്നു എവിടെയും. ആയിരങ്ങളുടെ കൂട്ടക്കുരുതിക്കും പതിനായിരങ്ങളുടെ തീരാദുരിതങ്ങൾക്കും കാരണക്കാരനായ കൊലയാളിയായി ഭോപ്പാലിന്റെ മനസ്സിലേക്കിറങ്ങിയ കാർബൈഡ് സി.ഇ.ഒ. വാറൻ ആൻഡേഴ്സന്റെ കോലം വഴിയോരങ്ങളിൽ ദിവസേന കത്തിയമരുമ്പോൾ ബഹുരാഷ്ട്ര കുത്തകകൾക്കെതിരായ ജനരോഷത്തിന്റെ നേർക്കാഴ്ചകളായി അവ നിറയുന്നു.

ഭോപ്പാലിൽ നിന്ന് ഏറ്റവുമൊടുവിൽ - അഞ്ചാമത്തെ യാത്രയിൽ - മടങ്ങുമ്പോൾ പതിവുപോലെ ഇത്തവണയും പ്രതീക്ഷകൾ ബാക്കിനിന്നു. കേസ് കഴിയുമ്പോഴെങ്കിലും, ബാക്കിയാവുന്ന ദുരിതബാധിതർക്ക് കാര്യമായ നഷ്ടപരിഹാരം കിട്ടാതിരിക്കില്ല. ഇനിയൊരിക്കലും ഇത്തരമൊരു ദുരന്തം ആവർത്തിക്കാനാവാത്ത വിധത്തിൽ ബന്ധപ്പെട്ടവർക്കെല്ലാം കടുത്ത ശിക്ഷ-ഒടുവിൽ വിധി വരുമ്പോൾ എല്ലാം ജലരേഖകളായി മാറുന്നു. കുറ്റക്കാരെന്ന് കണ്ടെത്തിയ ഏഴു പ്രതികൾക്ക് രണ്ടു വർഷം തടവും ഒരു ലക്ഷം രൂപ പിഴയും. കാർബൈഡിന് അഞ്ചു ലക്ഷം പ്രത്യേക പിഴയും. അതേസമയം കാർബൈഡ് ചെയർമാൻ വാറൻ ആൻഡേഴ്സനെപ്പറ്റി വിധിയിൽ യാതൊരു പരാമർശവുമില്ല. അന്നത്തെ മധ്യപ്രദേശ് മുഖ്യമന്ത്രി അർജുൻസിങ്ങിന്റെ ഒത്താശയോടെ കസ്റ്റഡിയിൽനിന്ന് രക്ഷപ്പെട്ട് അമേരിക്കയിൽ പൊങ്ങിയ ആൻഡേഴ്സൻ ഇന്നും ന്യൂയോർക്കിലെ ലോങ് ഐലൻഡിൽ സസുഖം വാഴുന്ന കാര്യം ഓർക്കുക. ബഹുരാഷ്ട്ര കുത്തകകൾ മുൻകൂട്ടി എഴുതുന്ന 'തിരക്കഥ'യിലെന്നപോലെ കാര്യങ്ങൾ നടക്കുന്നു.



ദുരന്തത്തിനിരയായവരുടെ കൂട്ട ശവസംസ്കാരം നടന്ന ചോളാ ശ്മശാനത്തിലെ 'സ്മൃതി ഉദ്യാനി'ൽനിന്ന് മടങ്ങുമ്പോൾ ശ്മശാന സൂക്ഷിപ്പുകാരൻ ശിവചരൺ ദൗം പൂരിയ ചോദിച്ചു: ''ജീവിച്ചിരിക്കുന്നവരെപ്പോലും ശ്രദ്ധിക്കാൻ സമയമില്ലാത്ത സർക്കാറിന് മരിച്ചവരെപ്പറ്റി ഓർക്കാൻ സമയമെവിടെ.'' സർക്കാർ മാത്രമല്ല എല്ലാവരും ഭോപ്പാൽ ദുരന്തവും ദുരന്തബാധിതരെയും മറന്നുകഴിഞ്ഞു. ദുരന്തത്തിനുശേഷം അഞ്ചുതവണ ഭോപ്പാലിലെത്തിയിട്ടും ഇപ്പോൾ മനസ്സ് ശൂന്യമാവുന്നു. എല്ലാ പ്രതീക്ഷകളും അവസാനിക്കുന്നു. വാതകദുരന്ത ബാധിതരുടെ ഒടുങ്ങാത്ത ദുരിതങ്ങളും തേടിയുള്ള മറ്റൊരു യാത്രയ്ക്ക് അർഥമില്ലാതാവുന്നു. അതിനിയില്ല. ഇരുപത്തിയഞ്ചല്ല, അൻപത് കൊല്ലം കഴിഞ്ഞാലും ദുരിതങ്ങൾ തുടരുകതന്നെ ചെയ്യും. എന്റെ മനസ്സിലെ ശവങ്ങളുടെ നഗരമായ ഭോപ്പാലിനോട് വിട; ശവങ്ങളെപ്പോലെ ജീവിക്കാൻ വിധിക്കപ്പെട്ട ഒന്നുമറിയാത്ത പാവങ്ങളോടും. ഭോപ്പാലിന്റെ ഓർമകൾക്ക് ഇനിയുമുറങ്ങാനാവില്ല...

# അനുഭാവമില്ലാത്ത ഭരണകൂടങ്ങൾ

■ പി. മനോജ്

**ദു**രന്തബാധിതർക്ക് മതിയായ നഷ്ടപരിഹാരം നൽകാനുള്ള ബാധ്യതയിൽനിന്ന് സ്വകാര്യ കമ്പനികളെ പരമാവധി സംരക്ഷിച്ചു നിർത്തുകയെന്നതാണ് മിക്ക രാജ്യങ്ങളിലെയും ഭരണകൂടനയം. അമേരിക്കയിൽ 1957-ൽ പാസ്സാക്കിയ പ്രൈസ്-ആൻഡേഴ്സൺ നിയമം ഇതിനു മികച്ച ഉദാഹരണമാണ്. ആണവനിലയങ്ങളിൽ ദുരന്തമുണ്ടായാൽ നിലയത്തിന്റെ നടത്തിപ്പുകാരായ ആഭ്യന്തര കമ്പനിയുടെ നഷ്ടപരിഹാര ബാധ്യത ലഘൂകരിക്കുക എന്നതായിരുന്നു നിയമനിർമാണത്തിന്റെ ഉദ്ദേശ്യം. 2001 സപ്തംബർ 11ലെ വേൾഡ് ട്രേഡ് സെന്റർ ഭീകരാക്രമണത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് യു.എസ്. ഭരണകൂടം നഷ്ടപരിഹാരം നൽകിയത് വിമാനക്കമ്പനികൾക്കും ഇൻഷുറൻസ് കമ്പനികൾക്കുമെതിരെ കേസിനു പോവരുത് എന്ന ഉപാധിയോടെയാണ്.

അമേരിക്കയിലെ ത്രീ മൈൽ ഐലൻഡ് ആണവനിലയത്തിൽ 1979-ലുണ്ടായ ദുരന്തത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം നൽകിയത് പ്രൈസ്-ആൻഡേഴ്സൺ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചാണ്. സംഭവത്തിൽ ആരും മരണമടഞ്ഞിട്ടില്ല എന്ന ഔദ്യോഗിക ഭാഷ്യം സാമൂഹിക പ്രവർത്തകരും ബദൽ മാധ്യമങ്ങളും വിശ്വസിക്കുന്നേയില്ല. ദുരന്തത്തെത്തുടർന്ന് പരിസരപ്രദേശം വിട്ടുപോവേണ്ടിവന്നവർക്കും ആരോഗ്യപ്രശ്നങ്ങളുണ്ടായവർക്കുമൊക്കെയാണ് നഷ്ടപരിഹാരം കൊടുത്തത്. ഇൻഷുറൻസ് കമ്പനികളും നിലയത്തിന്റെ ഉടമസ്ഥരായ സ്വകാര്യ കമ്പനികളും ചേർന്ന് ഏഴു കോടി ഡോളറാണ് ഈ യിനത്തിൽ ആകെ ചെലവിട്ടത്.

സപ്തംബർ 11 ദുരന്തബാധിതർക്ക് എഴുനൂറു കോടി ഡോളറാണ് നഷ്ടപരിഹാരമായി വിതരണം ചെയ്തത്. വിമാനക്കമ്പനികൾക്കും ഇൻഷുറൻസ് കമ്പനികൾക്കുമെതിരെ കേസിനു പോവില്ലെന്ന ഉറപ്പു സമ്പാദിച്ചുകൊണ്ടുള്ള കരാറായിരുന്നു ഇതെന്ന് നേരത്തേ സൂചിപ്പിച്ചല്ലോ. ദുരന്തത്തിൽ മരിച്ച 98 ശതമാനം പേരുടെയും കുടുംബങ്ങൾ ഈ ഉപാധിക്കു വഴങ്ങി. നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന മുറവിളികൾ ബാക്കിയായി.

ഭോപ്പാൽ വിഷവാതകദുരന്തത്തിന് ഉത്തരവാദിയായ യൂണിയൻ കാർബൈഡ് എന്ന അമേരിക്കൻ കമ്പനിയുമായി ഇന്ത്യ 1989-ൽ ഉണ്ടാക്കിയ നഷ്ടപരിഹാരക്കരാർ സ്വകാര്യ മൂലധനത്തോടുള്ള ഭരണകൂട വിധേയത്വത്തിന്റെ പ്രകടമായ ഉദാഹരണമാണ്. തുച്ഛമായ 47 കോടി ഡോളറാണ് യൂണിയൻ കാർബൈഡ് നൽകിയത്. ഇന്ത്യൻ സർക്കാറിന്റെ കരുതിക്കൂട്ടിയുള്ള കീഴടങ്ങലായിരുന്നു അത്.

വിഷവാതക ദുരന്തവുമായി ബന്ധപ്പെട്ട ക്രിമിനൽ കേസിന്റെ നടത്തിപ്പിലും സർക്കാർ ഇതേ സമീപനമാണ് കൈക്കൊണ്ടതെന്ന് പരക്കെ ആരോപണമുണ്ട്. വിദേശമൂലധനനിക്ഷേപത്തിന്റെ വരവിനെ നിരുത്സാഹപ്പെടുത്തരുതെന്ന വികാരമാണ് നമ്മുടെ ഭരണാധികാരികളെ നയിച്ചതെന്നു വേണം കരുതാൻ. അല്ലെങ്കിൽ ഈ കേസ് ഇത്ര ദുർബലമാവുമായിരുന്നില്ല.